കേരള സർക്കാർ

പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ ഓഫീസ്
ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

***<u>പ്രസിദ്ധീകരണത്തിന്</u>***

തീയതി 13.01.2021

# കേരള ഹൈവെ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എൻ.എ.ബി.എൽ അംഗീകാരം ലഭിക്കുന്ന രാജ്യത്തെ ആദ്യ സർക്കാർ സിവിൽ എഞ്ചിനീയറിംഗ് ലാബോറട്ടറി- മന്ത്രി ജി.സുധാകരൻ

സർക്കാർ വകുപ്പുകളുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏക അക്രിഡറ്റഡ് സിവിൽ എഞ്ചിനീയറിംഗ് ലബോറട്ടിയായി എൻ.എ. ബി.എൽ അംഗീകാരം ലഭിച്ചതോടെ കേരള ഹൈവെ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മാറിയതായി മന്ത്രി ജി.സുധാകരൻ അറിയിച്ചു.

നിർമ്മാണ സമഗ്രികളായ സിമന്റ്, കോൺക്രീറ്റ്, ബിറ്റുമിൻ, മണ്ണ് എന്നിവയുടെ പരിശോധന കൂടാതെ അത്യാധുനിക നോൺ ഡിസ്ട്രക്ടീവ് പരിശോധന ഉൾപ്പെടെ 61 ഓളം പരിശോധനകൾക്കാണ് ദേശീയ അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇന്ത്യയിലെ പൊതുമേഖലയിൽ പോലും വിരലിൽ എണ്ണാവുന്ന അംഗീകൃത ലാബുകൾ മാത്രമേ ഇന്ത്യയിൽ ഉള്ളു എന്നിരിക്കെയാണ് കേരള സർക്കാർ സ്ഥാപനമായ കേരള ഹൈവെ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഈ നേട്ടം കൈവരിച്ചത്. എൻ.എ.ബി.എൽ അംഗീകാരം ലഭിക്കുന്നതിന്റെ ഭാഗമായി ഐ.എസ്.ഒ നിലവാരത്തിൽ ലാബുകൾ ക്രമീകരിക്കുകയും ഇതിന് ആവശ്യമായ ഭൗതീക സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്തു. ഒരു വർഷം നീണ്ടു നിന്ന തയ്യാറെടുപ്പുകൾക്ക് ഒടുവിൽ ഡിസംബർ 26,27 തീയതികളിൽ എൻ.എ.ബി.എൽ സംഘം ഓഡിറ്റിംഗ് നടത്തുകയും 06.01.2021 ൽ അംഗീകാരം നൽകുകയുമാണ് ഉണ്ടായതെന്ന് മന്ത്രി ജി.സുധാകരൻ പറഞ്ഞു. ഈ നേട്ടം കൈവരിക്കുന്നതിനായി പ്രയത്നിച്ച ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയർ, കെ.എച്ച്.ആർ.ഐ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ ഉൾപ്പെടെയുള്ള മുഴുവൻ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരേയും അഭിനന്ദിക്കുന്നതായി മന്ത്രി ജി.സുധാകരൻ പറഞ്ഞു.